ഉത്തരം

(എ) ഇല്ല.

(ബി) ചില റേഷൻകടക്കാർ റേഷൻ സാധനങ്ങൾ മറിച്ചു വിൽക്കുന്നതായി ആരോപിച്ചുകൊണ്ടുള്ള പരാതികൾ ലഭിക്കാറുണ്ട്. അവ അന്വേഷിച്ച് നടപടി കൈക്കൊള്ളുകയും ചെയ്യാറുണ്ട്.

97 (2283) കോർപ്പറേഷൻ പ്രദേശങ്ങളിൽ മാവേലി സ്റ്റോർ

ശ്രീ. എളമരം കരീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി മാവേലിസ്റ്റോർ തുറക്കുന്നതിൽ കോർപ്പറേഷൻ പ്രദേശങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കോർപ്പറേഷൻ പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകൾ തുറക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

98 (2284) സപ്ലൈകോ മെഡിക്കൽ സ്റ്റോർ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് കേന്ദ്രങ്ങളിൽ സിവിൽ സപ്ലൈസിന്റെ കീഴിൽ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിന് പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ വടകര താലൂക്കിന്റെ ആസ്ഥാനമായ വടകരയിൽ മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് പരിപാടിയുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജില്ലാ/താലൂക്ക് കേന്ദ്രങ്ങളിൽ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് പദ്ധതിയുണ്ട്.

(ബി) ഉണ്ട്.

(സി) വടകര താലൂക്കിൽ, വടകര ബസ്സ്റ്റാന്റിനു സമീപമുള്ള സിറ്റി കോംപ്ലക്സ് കെട്ടിടത്തിൽ മാവേലി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു.

99 (2285) കേരളത്തിലെ മണ്ണെണ്ണ ഉപഭോഗം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly